TUESDAY 28/10/2025 ചൊവ്വാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: SINDHU. KS Editor: Dr. V. Krishnadas



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 28/10/2025

1. കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെയും കോട്ടാങ്ങൽ ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ നാളെ (2025 ഒക്ടോബർ 28-ാം തീയതി) ഉച്ചയ്ക്ക് 2.30 മണിക്ക് കോട്ടാങ്ങൽ സ്മാർട്ട് കൃഷിഭവൻ ഉദ്ഘാടനം റാന്നി എം.എൽ.എ. അഡ്വ. പ്രമോദ് നാരായണൻ-ന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിക്കും ഉദ്ഘാടനത്തോടനുബന്ധിച്ച് കിസാൻ മേള, കർഷക സെമിനാർ എന്നിവയും ജൈവ ഉത്പാദനോപാധികൾ, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങൾ, കാർഷിക യന്ത്രങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും ഉണ്ടായിരിക്കുന്നതാണ്. പി എം കിസാൻ പദ്ധതി, ഒരു ലക്ഷം യുവജനങ്ങൾക്കു തൊഴിൽദാന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് ഹെൽപ്പ് ഡെസ്കും കാർഷിക യന്ത്രോപകരണങ്ങളുടെ ഏകദിന സർവീസ് ക്യാമ്പും അന്നേ ദിവസം പ്രവർത്തിക്കുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. സംസ്ഥാന മൃഗസംരക്ഷണ വകുപ്പും, തദ്ദേശ സ്വയംഭരണ വകുപ്പും സംയുക്തമായി തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്, നെടുമങ്ങാട് മുനിസിപ്പാലിറ്റി എന്നിവരുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന തെരുവ് നായ്ക്കളുടെ വന്ധ്യംകരണത്തിനായിട്ടുള്ള **പോർട്ടബിൾ എ ബി സി സെന്റർ** പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നെടുമങ്ങാട് ടൌൺ ഹാളിൽ വച്ച് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ ചിഞ്ചുറാണി ഈ മാസം 29- ന് ഉച്ചക്ക് 12-മണിക്ക് നിർവഹിക്കുന്നു. ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് മന്ത്രി ജി ആർ അനിൽ അധ്യക്ഷനാകുന്ന ചടങ്ങിൽ തദ്ദേശ സ്വയംഭരണ എക്സൈസ് വകുപ്പ് മന്ത്രി എം ബി രാജേഷ് എ ബി സി യൂണിറ്റിന്റെ താക്കോൽ കൈമാറ്റം നിർവഹിക്കും. ആറ്റിങ്ങൽ എം പി അടൂർ പ്രകാശ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ഡി സുരേഷ്കുമാർ തുടങ്ങിയ ജനപ്രതിനിധികൾ, മറ്റു ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

3. 2026 വർഷത്തേയ്ക്ക് തിരുവനന്തപുരം ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിൽ നിന്നും പാൽ വാങ്ങാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ അപേക്ഷ ഫോമുകൾ ഓഫീസിൽ പ്രദർശിപ്പിച്ചിരിക്കുന്ന മാതൃകയിൽ

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പ്രിന്റ് ചെയ്തോ ഫോട്ടോ കോപ്പി തയാറാക്കിയോ സമർപ്പിക്കേണ്ടതാണ്. ഫാമിന് പരിസരത്തുള്ള കോർപ്പറേഷൻ വാർഡുകളിലെയും കരകുളം ഗ്രാമപഞ്ചായത്ത് വാർഡുകളിലെയും സ്ഥിരതാമസക്കാരായ കുടുംബങ്ങളിൽ നിന്നുമാണ് അപേക്ഷ സ്വീകരിക്കുന്നത്. പാൽകാർഡ് നൽകുന്ന സമയത്തു റേഷൻ കാർഡിന്റെ ഒറിജിനൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. നിർദിഷ്ട മാതൃകയിൽ പൂരിപ്പിച്ച അപേക്ഷകൾ 01/11/2025 മുതൽ 15/11/5025 വരെ തീയതികളിൽ രാവിലെ 11 മണി മുതൽ ഉച്ചക്ക് 1 മണി വരെയും ഉച്ചക്ക് 2 മണി മുതൽ 4 മണി വരെയും ഫാം ഓഫീസിൽ സ്വീകരിക്കുന്നതാണ്. അപേക്ഷ നിരസിച്ചവരുടെ ലിസ്റ്റ് 28/11/2025- ന് പ്രസിദ്ധീകരിക്കുകയും അപേക്ഷ നിരസിച്ചവരുടെ പരാതികൾ നവംബർ 28 മുതൽ 29 വരെ സ്വീകരിക്കുന്നതും പരിശോധിച്ചതിന് ശേഷം ഫൈനൽ ലിസ്റ്റ് 12/12/2025-ൽ പ്രസിദ്ധീകരിക്കുന്നതിമായിരിക്കും. മേലുദ്യോഗസ്ഥന്റെ സാക്ഷ്യപ്പെടുത്തലോടു കൂടി മൃഗസംരക്ഷണവകുപ്പ് ജീവനക്കാർക്കും 15/11/2025 മുതൽ 27/11/2025 വരെ അപേക്ഷിക്കാവുന്നതാണ്. പുതിയ പാൽ കാർഡ് 01/01/2026 നിലവിൽ വരുന്നതാണ്

4. ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ലാറ്റക്സ് ഹാർവെസ്റ്റ് ടെക്നോളജി ഡിവിഷനിൽ 'പ്രൊജക്ട് അസിസ്റ്റന്റ്' നെ താൽകാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് എഴുത്തുപരീക്ഷയും അഭിമുഖവും നടത്തുന്നു. അപേക്ഷകർ ഫസ്റ്റ് ക്ലാസ് മാർക്കോടെ അഗ്രിക്കൾച്ചറിൽ ബിരുദമോ അഗ്രിക്കൾച്ചറൽ സയൻസിൽ ഡിപ്ലോമയോ ഉള്ളവരായിരിക്കണം. അപേക്ഷകർക്ക് 2025 സെപ്റ്റംബർ 30-ന് 30 വയസ്സ് കവിയരുത്. താൽപര്യമുള്ളവർ കോട്ടയത്ത് പുതുപ്പള്ളിയിലുള്ള ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ഡയറക്ടർ ഓഫ് റിസേർച്ച് മുമ്പാകെ 2025 നവംബർ 14-ാം തീയതി രാവിലെ 9.30ന് വയസ്സ്, വിദ്യാഭ്യാസയോഗ്യത, പ്രവൃത്തിപരിചയം തുടങ്ങിയവ തെളിയിക്കുന്നതിനുള്ള ഒറിജിനൽ സർട്ടിഫിക്കറ്റുകളുമായി എഴുത്തുപരീക്ഷക്കും അഭിമുഖത്തിനും തയ്യാറായി ഹാജരാകേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481 2353311 എന്ന ഫോൺനമ്പറിൽ ബന്ധപ്പെടുകയോ www.rubberboard.gov.in റബ്ബർബോർഡിന്റെ വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യാവുന്നതാണ്.

## പരിശീലന പരിപാടി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

5. ക്ഷീരവികസന വകുപ്പിന് കീഴിലുള്ള പത്തനംതിട്ട ജില്ലയിലെ അടൂർ അമ്മകണ്ടകരയിൽ പ്രവർത്തിക്കുന്ന ക്ഷീരസംരംഭകത്വ വികസന കേന്ദ്രത്തിൽ ക്ഷീരകർഷകർക്കായി "സുരക്ഷിതമായ പാലുൽപ്പാദനം" എന്ന വിഷയത്തെ ആസ്പദമാക്കി 31.10.2025 മുതൽ 01.11.2025 വരെ രണ്ട് ദിവസത്തെ കർഷക പരിശീലനം നടത്തുന്നു. താൽപര്യമുള്ള ക്ഷീരകർഷകർക്ക് 9447305100, 9496332048, 04734299869, 8304948553 എന്നീ നമ്പറുകളിൽ വിളിക്കുകയോ വാട്ട്സ്അപ്പ് സന്ദേശം വഴിയോ പരിശീലനത്തിൽ പങ്കെടുക്കുന്നതിനായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ "പശു വളർത്തൽ " എന്ന വിഷയത്തിൽ 29/10/2025 മുതൽ 30/10/2025 വരെ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യമായി ദ്വിദിന പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491– 2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ 10.00 AM മുതൽ 5.00 PM വരെയുള്ള

സമയത്ത് വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് കൊണ്ടുവരേണ്ടതുമാണ്.

7. ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ തൊഴിൽ പരിശീലനകേന്ദ്രമായ തിരുവനന്തപുരം ആർഎസ്ഇടിഐ യിൽ തേനീച്ചവളർത്തലിൽ 20 ദിവസത്തെ സൗജന്യപരിശീലനം നൽകുന്നു. 18നും 50 നും ഇടയ്ക്ക് പ്രായമുള്ളവർക്ക് അപേക്ഷിക്കാം. അഭിമുഖം ഈ മാസം 30നും പരിശീലന ക്ലാസുകൾ നവംബർ 11 നും തുടങ്ങും. കൂടുതൽ വിവരങ്ങൾക്ക് –0471 2322430, 8891228788 എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടുക.

**കാർഷിക നിർദേശം**

8. നെല്ല് : കർഷകർ കുലവാട്ടം, തവിട്ടുപുള്ളി രോഗം, ഇലപ്പേൻ, തണ്ടുതുരപ്പൻ മുതലായവക്കെതിരെ ജാഗ്രത പാലിക്കേണ്ടതാണ്. കുലവാട്ടം (ബ്ലാസ്റ്റ്) രോഗം സാധാരണയായി കണ്ടുവരാറുള്ള സ്ഥലങ്ങളിൽ നൈട്രജൻ വളങ്ങളുടെ അമിത ഉപയോഗം കുറക്കുക. തണ്ടുതുരപ്പനെതിരെ ട്രൈക്കോഗ്രമ മുട്ടകാർഡുകൾ ഫലവത്താണ്. കൃഷിഭവനുമായി ബന്ധപ്പെട്ടാൽ കാർഡുകൾ ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം ലഭിക്കും. പറിച്ചു നട്ട് 30 ദിവസത്തിനകം പാടത്ത് 20

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കിലോഗ്രാം ചാണകത്തിൽ 1 കിലോഗ്രാം സ്യൂഡോമോണാസ് എന്ന തോതിൽ കലർത്തി മണ്ണിൽ ചേർത്തു കൊടുക്കുന്നത് രോഗങ്ങൾ വരാതിരിക്കാൻ സഹായകമാകും. ഗുണനിലവാരമുള്ള സ്യൂഡോമോണാസ് അമ്പലവയൽ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ലഭ്യമാണ്

9. **തെങ്ങ് – കൊമ്പൻചെല്ലി – കുമ്പുചീയൽ** രോഗത്തിനെതിരെ മുൻകരുതലുകൾ നടപടികൾ സ്വീകരിക്കുക. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി, ചെന്നീരൊലിപ്പ് മഹാളി മുതലായവക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം